**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 290** **23-01-2025 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുടെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | നെല്ല് സംഭരിച്ചതിന്റെ വിലയായി സപ്ലൈകോ ഇനി എത്ര കർഷകർക്ക് ഏതെല്ലാം ജില്ലകളിൽ എത്ര തുക വീതം നൽകാനുണ്ട്; പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ; | (എ) | 14182 കർഷകർക്ക് 127.99 കോടി രൂപ നൽകുവാനുണ്ട്. ആയത് അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം I** ആയി ചേർക്കുന്നു. |
| (ബി) | നെല്ല് സംഭരണത്തിനായി കർഷകർക്കു പണം നൽകാൻ 2014–15 മുതൽ 2024–25 വരെ സപ്ലൈകോ എത്ര തുകയാണ് നേരിട്ടു വായ്പയെടുത്തത്; 2014–15 മുതൽ 2024–25 വരെ എത്ര രൂപയാണ് ഈയിനത്തിൽ പി.ആർ.എസ് വായ്പയായി കർഷകർക്ക് ബാങ്കുകൾ വഴി നൽകിയത്; | (ബി) | നെല്ല് സംഭരണത്തിനായി കർഷകർക്ക് പണം നൽകാൻ 2014-15 മുതൽ 2024-25 വരെ സപ്ലൈകോ നേരിട്ട് എടുത്ത വായ്പയുടെ വിശദാംശങ്ങൾ **അനുബന്ധം II** ആയി ചേർക്കുന്നു. 2014-15 മുതൽ 2024-25 വരെ പി.ആർ.എസ് വായ്പയായി കർഷകർക്ക് ബാങ്കുകൾ വഴി നൽകിയ വിവരങ്ങൾ **അനുബന്ധം III** ആയി ചേർക്കുന്നു. |
| (സി) | നെല്ല് സംഭരണത്തിനായി വായ്പയെടുത്ത ഇനത്തിൽ എത്ര തുക 2014–15 മുതൽ 2024–25 വരെ സപ്ലൈകോ തിരിച്ചടയ്ക്കാനുണ്ട്; ഇതിൽ മുതലും പലിശയും എത്ര വീതമാണെന്ന് വേർതിരിച്ചു പറയാമോ; പി.ആർ.എസ് വായ്പയിൽ എത്ര തുക തിരിച്ചടയ്ക്കാനുണ്ട്; | (സി) | നെല്ല് സംഭരണത്തിനായി വായ്പയെടുത്തയിനത്തിൽ 2014-15 മുതൽ 2024-25 വരെ സപ്ലൈകോ തിരിച്ചടക്കാനുള്ള വായ്പയുടെ വിവരങ്ങളും പി.ആർ.എസ് വായ്പായിനത്തിൽ തിരിച്ചടയ്ക്കാനുള്ള തുക സംബന്ധിച്ച വിശദാംശങ്ങളും **അനുബന്ധം IV** ആയി ചേർക്കുന്നു. |
| (ഡി) | നെല്ല് സംഭരിച്ച വിലയിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും എത്ര രൂപയാണ് കേരളത്തിന് 2014–15 മുതൽ 2024–25 വരെ കുടിശ്ശിക ലഭിക്കാനുള്ളത്; സംസ്ഥാന സർക്കാരിൽ നിന്ന് സപ്ലൈകോയ്ക്ക് ഈ വർഷങ്ങളിൽ ലഭിക്കാനുള്ള കുടിശ്ശിക എത്രയാണ്; | (ഡി) | കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്ന് നെല്ല് സംഭരണത്തിന് സപ്ലൈകോയ്ക്ക് ലഭിക്കുവാനുള്ള കുടിശിക വിവരങ്ങൾ **അനുബന്ധം V** ആയി ചേർക്കുന്നു. സംസ്ഥാന സർക്കാരിൽ നിന്ന് ലഭിക്കുവാനുള്ള കുടിശിക തുക 1058.13 കോടി രൂപ. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുവാനുള്ള കുടിശിക തുക 1077.67 കോടി രൂപ. |
| (ഇ) | ഒരു കിലോ നെല്ല് സംഭരിക്കാൻ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 2006 മുതൽ എത്ര രൂപ വീതമാണ് കർഷകർക്കു നൽകി വരുന്നത്; 2006 മുതൽ കർഷകന് ഒരു കിലോ നെല്ലിന് ആകെ നൽകി വരുന്ന വിഹിതം എത്രയാണ്; | (ഇ) | 2005-06 മുതൽ 2024-25 വരെ കർഷകരിൽ നിന്ന് 1 കി.ഗ്രാം നെല്ല് സംഭരിക്കുന്നതിന് നൽകുന്ന വില **അനുബന്ധം VI** ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (എഫ്) | സംഭരിച്ച നെല്ല് അരിയാക്കി മാറ്റുന്നതിന് 2016–17 മുതൽ 2024–25 വരെ എത്ര മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്; ഓരോ മില്ലുകൾക്കും നൽകിയ നെല്ല് അവർ തിരിച്ചു നൽകിയ അരി എന്നിവയുടെ അളവും മില്ലുകൾക്കു നൽകിയ പ്രതിഫലവും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | (എഫ്) | 2016-17 മുതൽ 2024-25 വരെ മില്ലുകൾ സംഭരിച്ച നെല്ലിന്റെയും സംസ്കരിച്ച് നൽകിയ അരിയുടെയും അതിനുള്ള പ്രതിഫലവും **അനുബന്ധം VII** ആയി ചേർക്കുന്നു. |
| (ജി) | നെല്ല് സംഭരണവും അനുബന്ധമേഖലകളുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച വി.കെ.ബേബി സമിതിയുടെ റിപ്പോർട്ടിലെ വിശദാംശങ്ങളും ശുപാർശകളും എന്തെല്ലാമാണ്; ഈ റിപ്പോർട്ടിലെ എന്തെല്ലാം ശുപാർശകളാണ് നടപ്പാക്കാൻ തീരുമാനിച്ചത്; എന്തെല്ലാം നടപ്പാക്കി; വിശദമാക്കാമോ? | (ജി) | സംസ്ഥാനത്തെ നിലവിലെ നെല്ല് സംഭരണ പ്രക്രിയയെക്കുറിച്ചും ആയതിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും പഠിക്കുന്നതിനായി 23.01.2023 തീയതിയിലെ സ.ഉ(കൈ) നം.12/2023/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഡോ. വി.കെ. ബേബി, ഐ.എ.എസ് (റിട്ട.) ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചു. പ്രസ്തുത കാലയളവിൽ സപ്ലൈകോ ജനറൽ മാനേജറായിരുന്ന ഡോ. ശ്രീറാം വെങ്കിട്ടരാമൻ, ഐ.എ.എസ് കൺവീനറായും കൃഷി (WTO സെൽ) വകുപ്പ് സ്പെഷ്യൽ ഓഫീസറായിരുന്ന ശ്രീമതി ആരതി എൽ.ആർ, ഐ.ഇ.എസ് കോ-കൺവീനർ & മെമ്പർ സെക്രട്ടറി ആയും പ്രസ്തുത സമിതിയിൽ ഉൾപ്പെട്ടിരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ടിൽ ആകെ 23 ശുപാർശകളാണ് നൽകിയിട്ടുള്ളത്. ആയവ താഴെപ്പറയുന്നവയാണ്.<br><br>1. സംഭരണത്തിന് ധനസഹായം - കേരള സർക്കാരിന്റെ കടമെടുക്കൽ പരിധിയിൽ നിന്ന് സംഭരണത്തിന് ധനസഹായം ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്. ഓരോ വർഷവും വിനിയോഗിക്കാത്ത പ്ലാൻ ഫണ്ടുകളിൽ നിന്ന് (കൃഷി- പൊതുവിതരണ വകുപ്പ്) സ്വയമേവ നികത്തുന്ന ഒരു Revolving Fund രൂപീകരിക്കണം. PACS/ സ്വകാര്യ സംഭരണ കേന്ദ്രങ്ങൾ (Private PPC) Farmer Producer Company കൾ സംഭരണത്തിനുശേഷം ഉടൻ തന്നെ കർഷകന് പണം നൽകണം. സ്വകാര്യ സംഭരണ കേന്ദ്രങ്ങൾ സംഭരണത്തിന് സ്വന്തമായ നിലയിൽ പ്രവർത്തന മൂലധനം കണ്ടെത്തണം. സപ്ലൈകോയ്ക്ക് നെല്ല് സംഭരണത്തിനും മറ്റ് പ്രവർത്തനങ്ങൾക്കും പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരിക്കണം. റിസർവ്വ് ബാങ്കിൽ നിന്ന് നെല്ല് സംഭരണത്തിനുള്ള Cash Credit Limit കേരള സർക്കാരിന് ലഭ്യമാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കണം.<br><br>2. സംസ്ഥാന പ്രോത്സാഹന ബോണസ് സംഭരണ അളവിനെ അടിസ്ഥാനപ്പെടുത്തുന്നത് ഒഴിവാക്കി കൃഷി ചെയ്യുന്ന വിസ്തൃതിയുമായി ബന്ധിപ്പിക്കണം. |

3. നെല്ല് സംഭരണ കേന്ദ്രങ്ങൾ കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്ഥാപിക്കുക. ഒരു ഗ്രാമ പഞ്ചായത്തിൽ (GP) ഒന്നോ അതിലധികമോ നെല്ല് സംഭരണ കേന്ദ്രങ്ങൾ (PPCs) സ്ഥാപിക്കേണ്ടതും സംഭരണ ഏജൻസികൾ/PACS ആയത് മാനേജ് ചെയ്യേണ്ടതുമാണ്. കേന്ദ്ര സർക്കാരിൻറെ National Agriculture Infra Financing Facility പ്രകാരം അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾ ചെയ്യേണ്ടതാണ്. PPCകൾ വെയർഹൗസിംഗ് ഫെസിലിറ്റികൾ സ്ഥാപിക്കുകയോ/ പാട്ടത്തിനെടുക്കുകയോ/പുറം കരാർ കൊടുക്കുകയോ ചെയ്യാവുന്നതാണ്.

4. ഏജന്റുമാരുടെ പങ്ക് ഒഴിവാക്കുക. PPC കൾ വഴി നെല്ല് സംഭരിക്കുക. PACS/PPC (മില്ലുകളും ആകാം) എന്നിവയെ നെല്ല് സംഭരണത്തിനുള്ള നോഡൽ ഏജൻസികളായി പ്രഖ്യാപിക്കാവുന്നതാണ്.

5. പാഡി റെസീപ്റ്റ് ഷീറ്റ് (PRS), നെല്ല് അളന്ന്, തത്സമയം നൽകുക.

6. വിള-വിളവെടുപ്പ്-സംഭരണ കലണ്ടർ വൈദഗ്ധ്യത്തോടെ സമന്വയിപ്പിക്കുക.

7. വാർഷിക സംഭരണനയവും പ്രവർത്തന പദ്ധതിയും തയ്യാറാക്കുക, വിജ്ഞാപനം ചെയ്യുക.

8. കൃഷി-പൊതുവിതരണം ജലസേചനം-ധനകാര്യം വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുക - നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ക്യാബിനറ്റ് സബ് കമ്മിറ്റി (CSC) സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനും ഒത്തു തീർപ്പാക്കുന്നതിനുമുള്ള ഫലപ്രദമായ ഒരു സ്ഥിരം വേദിയാക്കാവുന്നതാണ്. ഏകോപനത്തിനും പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കുന്നതിനുമുള്ള നോഡൽ ഓഫീസറായി ജില്ലാ കളക്ടർമാർ പ്രവർത്തിക്കേണ്ടതും തീരുമാനങ്ങൾ ജില്ലാതലത്തിൽ പാലിക്കേണ്ടതുമാണ്.

9. പ്രൊഫഷണലിസവും സ്ഥാപന പരവുമായ ശേഷിയും ശക്തിപ്പെടുത്തുക.

10. ഇൻറഗ്രേറ്റഡ് സംഭരണ ഡിജിറ്റൈസേഷൻ- ഇൻഗ്രേറ്റഡ് കൃഷി വകുപ്പ്-സംഭരണം- സംയോജിപ്പിച്ചുകൊണ്ട് ആധാർ അധിഷ്ഠിത പുതിയ സോഫ്റ്റ് വെയർ Mobile App തയ്യാറാക്കുക.

11, എൻഡ്-ടു-എൻഡ് ട്രെയ്സബിലിറ്റി ഉറപ്പാക്കുക - വിള കണക്കാക്കുന്നതിനു സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക. കൃഷിയിടം Geo tag ചെയ്യുക. സംസ്ഥാന ഇൻസെൻറീവ് ബോണസ് എം.എസ്.പി - യിൽ നിന്നും മാറ്റി വിള ഇൻഷുറൻസ്, കാർഷിക സബ്സിഡികളിൽ നൽകുക. CMR ലേക്കും open market ലേക്കുമുള്ള മില്ലിംഗ് വേർപ്പെടുത്തുക.

12. ഔട്ട് ടേൺ റേഷ്യോ - ഔട്ട് ടേൺ റേഷ്യോ കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് 68% ആയി പുനഃസ്ഥാപിക്കുക. PPC കളിൽ നെല്ലിന്റെ ഗുണനിലവാരം ഉറപ്പാക്കുക. വെള്ളപ്പൊക്കം പോലുള്ള പ്രത്യേക സാഹചര്യങ്ങളിൽ മാത്രം ശാസ്ത്രീയമായി തയ്യാറാക്കിയ Allowance Matrix പ്രകാരം ഉപയോഗിക്കുക.

13. കർഷക രജിസ്ട്രേഷൻ - ഒറ്റത്തവണ രജിസ്ട്രേഷൻ, ആധാറും ഭൂരേഖയുമായും ബന്ധിപ്പിക്കുക. കർഷകർക്ക് Unique Farmer ID നൽകുക. കൃഷി വകുപ്പിലൂടെ മാത്രം രജിസ്റ്റർ ചെയ്യുകയും AIMS/Integrated Agri-information System -ൽ സപ്ലൈകോയ്ക്ക് access നൽകുക. Remote Sensing - Analytics - AI സാങ്കേതിക വിദ്യകൾ ഉപയോഗിക്കുക.

14. മില്ല് രജിസ്ട്രേഷനും നെല്ല് അലോക്കേഷനും - മില്ലുകൾക്ക് ഒരു വർഷത്തിൽ എപ്പോൾ വേണമെങ്കിലും ചെയ്യാൻ പറ്റുന്ന ഒറ്റത്തവണ രജിസ്ട്രേഷൻ ആക്കി മാറ്റുക. മില്ലുകളെ Geo-tag ചെയ്യുക. PPC/PACS ൽ നിന്നും നെല്ലിന്റെ അലോക്കേഷനും PDS റിലീസും ഡിജിറ്റലായി കൈകാര്യം ചെയ്യുക.

15. സംഭരിച്ച നെല്ല് പിപിസി/മില്ലുകളിലേയ്ക്കും കൊണ്ടുപോകുന്നതിനുള്ള ഗതാഗത സംവിധാനം- ഗതാഗതത്തിനായി സപ്ലൈകോ പുറം കരാർ സംവിധാനം ഏൽപ്പിക്കുകയും സെൻട്രൽ ഡാറ്റ പ്രൊസസ്സിംഗ് സിസ്റ്റത്തിലൂടെ മോണിറ്റർ ചെയ്യുകയും വേണം. കർഷകർക്ക് സൗകര്യപ്രദമായ വാഹനത്തിൽ നെല്ല് PPC കളിലേയ്ക്ക് കൊണ്ടുവരാം.

16. ഗുണനിലവാര ഉറപ്പ് (ഫാമുകളിൽ നിന്ന് ഉപഭോക്താവ്/PDS വരെ) ഉണ്ടാവണം- PPC കളിൽ ഡ്രയർ മുതലായ സജ്ജീകരണങ്ങൾ ഉണ്ടാവണം. ശാസ്ത്രീയാടിസ്ഥാനത്തിലുള്ള ഗുണനിലവാര പരിശോധന മെട്രിക്സ്, മോയ്സ്ചർ മീറ്റർ, മില്ലുകളിൽ അരിയുടെ ഗുണനിലവാര

പരിശോധന, മാനുഷിക ഇടപെടൽ ഒഴിവാക്കി ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഗുണനിലവാരം ഉറപ്പാക്കുന്നത് തുടങ്ങിയവ ഉണ്ടാവണം.

17. ഡാറ്റാധിഷ്ഠിത തീരുമാനങ്ങളെടുക്കുന്നത് - (വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത, സംഭരണം) സാങ്കേതിക വിദ്യകളെ അടിസ്ഥാനപ്പെടുത്തിയാകണം.

18. നിരീക്ഷണവും വിലയിരുത്തലും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുക.

19. പരാതി പരിഹാരവും പ്രശ്നങ്ങളുടെ ഒത്തുതീർപ്പും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുക. ജില്ലാതലത്തിൽ പ്രശ്നപരിഹാരത്തിനുള്ള പ്ലാറ്റ്ഫോം ഉറപ്പാക്കുക.

20. ലോഡിംഗ്-അൺലോഡിംഗ്, തൊഴിൽ തർക്കങ്ങൾ പരിഹരിക്കുക - ജില്ലാ ലേബർ ഓഫീസർ അനുശാസിക്കുന്ന ലോഡിംഗ്-അൺലോഡിംഗ് ചാർജ്ജുകൾ ഉറപ്പാക്കുക, ലോഡിംഗ്/അൺലോഡിംഗ് എന്നിവ യന്ത്രവൽക്കരിക്കുക.

21. തൽപ്പരകക്ഷികളുടെ (കർഷകർ, പാടശേഖര സമിതികൾ, കൃഷിഭവനുകൾ, അഗ്രി കോ-ഓപ്പറേറ്റീവുകൾ, ഗ്രാമപഞ്ചായത്തുകൾ, സപ്ലൈകോ) പങ്കാളിത്തവും ബോധ വൽക്കരണവും ഉറപ്പാക്കുക.

22. സംഭരണം നിയന്ത്രിക്കുന്നതിൽ സുതാര്യത, ഉത്തരവാദിത്തം, സാമ്പത്തിക കാര്യക്ഷമത പണത്തിനുള്ള മൂല്യം എന്നിവ ഉറപ്പാക്കുക.

23. സംസ്ഥാനത്തെ പ്രത്യേക സാഹചര്യമനുസരിച്ച് അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ നേരിടുന്നത് - PPC കൾ ഭൂഘടനാടിസ്ഥാനത്തിൽ സ്ഥാപിക്കുക, നെല്ല് കൊണ്ടുവരുന്ന ചെലവ് കർഷകർ വഹിക്കുക (അടിയന്തര സാഹചര്യങ്ങളിൽ പാടശേഖര സമിതികൾ, ഗ്രാമപഞ്ചായത്തുകൾ തുടങ്ങിയവ ഇടപെടുക). കൃഷിയിടങ്ങളിൽ നെല്ലിന്റെ ഗുണനിലവാര പരിശോധന നടത്തുക.

നെല്ല് സംഭരണം സംബന്ധിച്ച വിഷയങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിന് ധനകാര്യം, ഭക്ഷ്യ പൊതുവിതരണം, കൃഷി, സഹകരണം, വൈദ്യുതി എന്നീ വകുപ്പുകളിലെ മന്ത്രിമാർ അടങ്ങുന്ന മന്ത്രിസഭ ഉപസമിതിയെ

| | | | |
|---|---|---|---|
| | | | ച്ചമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. നിലവിൽ ടി റിപ്പോർട്ട് മന്ത്രിസഭ ഉപസമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

PADDY PROCUREMENT 2024-25 status as on 19.01.2025

| DISTRICT | No of farmers yet to pay | BALANCE Amnt Cr |
|---|---|---|
| THIRUVANTHPURAM | 156 | 0.59 |
| KOLLAM | 13 | 0.11 |
| PATHANAMTHITTA | - | 0.00 |
| ALAPPUZHA | 3,281 | 36.83 |
| KOTTAYAM | 1,701 | 17.51 |
| IDUKKI | - | 0.00 |
| ERNAKULAM | 62 | 0.48 |
| THRISSUR | 291 | 1.81 |
| PALAKKAD | 8,288 | 68.00 |
| MALAPPURAM | 15 | 0.09 |
| KOZHIKODE | - | 0.00 |
| WAYANAD | 218 | 1.81 |
| KANNUR | 93 | 0.42 |
| KASARGODE | 64 | 0.35 |
| **Total** | **14,182** | **127.99** |

## അനുബന്ധം II

| Year | Bank | Date | Amount in Crore | Status |
|---|---|---|---|---|
| 2014-15 | Palakkad District Co-operative Bank | **01.07.2015** | **100.00** | Closed |
| 2014-15 | Thrissur District Co-operative Bank | **10.03.2015** | **100.00** | |
| 2015-16 | Palakkad District Co-operative Bank | **12.11.2015** | **100.00** | Closed |
| 2015-16 | Thrissur District Co-operative Bank | **03.05.2016** | **150.00** | Closed |
| 2019-20 | Palakkad District Co-operative Bank | **05.09.2019** | **150.00** | Closed |
| | | **02.12.2019** | **100.00** | Closed |
| | **Consortium Loan:** | | | |
| 2022-23 | **1. State Bank of India** | **28-09-2022** | **1,000.00** | Continuing |
| 2022-23 | **2. Canara Bank** | **28-09-2022** | **1,000.00** | Continuing |
| 2022-23 | **3. Federal Bank** | **28-09-2022** | **500.00** | Repaid ₹10 Crore and Balance ₹490 Crore pending. |

## അനുബന്ധം III

| Season | PRS Loan Availed (Cr) |
|---|---|
| 2014-15 | 445.74 |
| 2015-16 | 2.51 |
| 2016-17 | 44.17 |
| 2017-18 | 1,028.30 |
| 2018-19 | 1,717.95 |
| 2019-20 | 1,854.25 |
| 2020-21 | 2,065.06 |
| 2021-22 | 2,049.26 |
| 2022-23 | 1,141.90 |
| 2023-24 | 1,100.00 |
| 2024-25 (up to 19/01/2025) | 268.21 |

## അനുബന്ധം IV

| | തിരിച്ചടവാക്കാനുള്ള തുക | | | |
|---|---|---|---|---|
| Year | Bank | Date | Amount to be repaid( in Crore) | Status |
| 2014-15 | - | - | - | - |
| 2015-16 | - | - | - | - |
| 2016-17 | - | - | - | - |
| 2017-18 | - | - | - | - |
| 2018-19 | - | - | - | - |
| 2019-20 | - | - | - | - |
| 2020-21 | - | - | - | - |
| 202-22 | - | - | - | - |
| Consortium Loan - | | | | |
| 2022-23 | **State bank of India** | **28-09-2022** | **1,000.00** | pending. |
| | **Canara Bank** | **28-09-2022** | **1,000.00** | pending. |
| | **Federal Bank** | **28-09-2022** | **490.00** | Balance ₹490 |

പി.ആർ.എസ് വായ്പായിനത്തിൽ തിരിച്ചടയ്ക്കാനുള്ള തുക വിവരങ്ങൾ

| Season | Amount(Cr) |
|---|---|
| 2021-22 | 376 |
| 2022-23 | 199.99 |
| 2023-24 | 453.54 |
| 2024-25 (up to 19/01/2025) | 268.21 |

## അനുബന്ധം V

### PENDING AMOUNT FROM GOK & GOI

| SL NO | SCHEME (Name of the component) | FUND PENDING WITH | PENDING AMT (IN CR) | TOTAL PENDING AMT (IN CR) |
|---|---|---|---|---|
| 1 | SIB | GOK | 602.28 | 1058.13 |
| 2 | Diff. in OTR | GOK | 350.32 | |
| 3 | Cost of CMR | GOK | 105.53 | |
| 4 | Food Subsidy Claims & Transportation claim. | GOI | 1077.67 | 1077.67 |
| | | | TOTAL | 2135.80 |

**അനുബന്ധം VI**

| ക്രമ നം. | Crop Year | GOI MSP/kg (കേന്ദ്ര താങ്ങുവില) | GOK SIB/kg (സംസ്ഥാന പ്രോത്സാഹന ബോണസ്) | കർഷകർക്ക് നൽകുന്ന കൈകാര്യ ചിലവ് Handling charge (kg) | കർഷകർക്ക് 1 കി.ഗ്രാം നെല്ലിന് നൽകുന്ന വില |
|---|---|---|---|---|---|
| 1 | 2005-06 | 5.7 | 1.37 | 0 | 7.07 |
| 2 | 2006-07 | 6.2 | 2.3 | 0 | 8.5 |
| 3 | 2007-08 1st | 6.45 | 2.05 | 0 | 8.5 |
| 4 | 2007-08 2nd | 6.45 | 2.55 | 0 | 9 |
| 5 | 2008-09 1st | 8.5 | 1.5 | 0 | 10 |
| 6 | 2008-09 2nd | 8.5 | 2.5 | 0 | 11 |
| 7 | 2009-10 1st | 9.5 | 1.5 | 0 | 11 |
| 8 | 2009-10 2nd | 9.5 | 2.5 | 0 | 12 |
| 9 | 2010-11 1st | 10 | 2 | 0 | 12 |
| 10 | 2010-11 2nd | 10 | 3 | 0 | 13 |
| 11 | 2011-12 1st | 10.8 | 3.2 | 0 | 14 |
| 12 | 2011-12 2nd | 10.8 | 4.2 | 0 | 15 |
| 13 | 2012-13 1st | 12.5 | 2.5 | 0 | 15 |
| 14 | 2012-13 2nd | 12.5 | 4.5 | 0 | 17 |
| 15 | 2013-14 1st | 13.1 | 4.9 | 0 | 18 |
| 16 | 2013-14 2nd | 13.1 | 5.9 | 0 | 19 |
| 17 | 2014-15 1st | 13.6 | 5.4 | 0 | 19 |
| 18 | 2014-15 2nd | 13.6 | 5.4 | 0 | 19 |
| 19 | 2015-16 1st | 14.1 | 7.4 | 0 | 21.5 |
| 20 | 2015-16 2nd | 14.1 | 7.4 | 0 | 21.5 |
| 21 | 2016-17 1st | 14.7 | 7.8 | 0 | 22.5 |
| 22 | 2016-17 2nd | 14.7 | 7.8 | 0 | 22.5 |
| 23 | 2017-18 | 15.5 | 7.8 | 0 | 23.3 |
| 24 | 2018-19 | 17.5 | 7.8 | 0 | 25.3 |
| 25 | 2019-20 | 18.15 | 8.8 | 0 | 26.95 |
| 26 | 2020-21 | 18.68 | 8.8 | 0 | 27.48 |
| 27 | 2021-22 | 19.4 | 8.6 | 0.12 | 28.12 |

| | | | | | |
|---|---|---|---|---|---|
| 28 | 2022–23 | 20.4 | 7.8 | 0.12 | 28.32 |
| 29 | 2023–24 | 21.83 | 6.37 | 0.12 | 28.32 |
| 30 | 2024–25 | 23 | 5.2 | 0.12 | 28.32 |

## അനുബന്ധം VII

| Sl.No. | SEASON | No. of Contracted Mills | Paddy Accounted (Kg) | Rice Delivered (Kg) | Amount Paid(Rs) |
|---|---|---|---|---|---|
| 1 | 2016-17 | 52 | 452808443 | 307891150 | 900126625 |
| 2 | 2017-18 | 51 | 484465368 | 288463453 | 907747554 |
| 3 | 2018-19 | 50 | 693811952 | 445023621 | 1476511469 |
| 4 | 2019-20 | 52 | 709396693 | 457489024 | 1517869536 |
| 5 | 2020-21 | 52 | 764884166 | 493334402 | 1636798369 |
| 6 | 2021-22 | 56 | 748351091 | 482710300 | 1511742741 |
| 7 | 2022-23 | 62 | 731183563 | 478536200 | 1421532732 |
| 8 | 2023-24 | 59 | 559362353 | 373020400 | 1027251199 |
| 9 | 2024-25 | 56 | 138666050 | 59500 | |